**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1589** **15-03-2022 - ൽ മറുപടിയ്ക്ക്**

**ലക്ഷം തൊഴിൽദാന പദ്ധതി - പെൻഷൻ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ലക്ഷം തൊഴിൽ ദാന പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പെൻഷൻ ആനുകൂല്യം കൃത്യമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ ; | (എ) | ഉണ്ട്. പദ്ധതി അംഗങ്ങൾക്ക് നല്കി വരുന്ന പെൻഷൻ ആനുകൂല്യങ്ങൾക്ക് അംഗങ്ങൾ കൃഷി ഭവനിൽ അപേക്ഷ നല്കുകയും ടി അപേക്ഷ പഞ്ചായത്ത്തല സമിതിയിൽ അംഗീകരിച്ച് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ അയയ്ക്കുകയും ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ജില്ലാതല സമിതിയിൽ അംഗീകരിച്ച ശേഷം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും ലഭിക്കുന്ന മുറയ്ക്കാണ് കൃഷി ഡയറക്ടറേറ്റിൽ നിന്നും ആനുകൂല്യം അനുവദിക്കുന്നത്. പഞ്ചായത്ത്/ജില്ലാതല സമിതികൾ വിളിച്ചു കൂട്ടുന്നതിൽ ഉണ്ടാകുന്ന കാലതാമസവും അപേക്ഷകളിലേയും, രേഖകളിലേയും അപാകതകളും അപേക്ഷകൾ തീർപ്പ് കല്പിച്ച് ആനുകൂല്യം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണമാകാറുണ്ട്. പദ്ധതിയിലെ അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8/12/2021-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശികയുള്ള അപേക്ഷകൾ അടിന്തിരമായി തീർപ്പാക്കുവാനുള്ള നിർദ്ദേശം നൽകുകയുണ്ടായി. ആയതു പ്രകാരം ജില്ലാതലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ച്, അപേക്ഷകളിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |
| (ബി) | കുടരഞ്ഞി മാഞ്ചിറ വീട്ടിൽ ദേവസ്യ എം. എന്നയാൾക്ക് ഏപ്രിൽ 2020 മുതൽ പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കുടരഞ്ഞി മാഞ്ചിറ വീട്ടിൽ ദേവസ്യ എം. എന്നയാൾക്ക് 04/2020 മുതൽ 03/2021 വരെയുള്ള 12 മാസത്തെ പെൻഷൻ കുടിശ്ശിക തുകയായ 12,000/- രൂപ 24.12.2021 ലെ കൃഷി ഡയറക്ടറുടെ ADFW/1017/21 TK (1) നമ്പർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യക്തിയ്ക്ക് പെൻഷൻ കുടിശ്ശിക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | 04/2021 മുതലുള്ള പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനുള്ള ക്ലയിം സ്റ്റേറ്റ്മെന്റും, കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നടപടിക്രമവും ലഭിച്ചിട്ടില്ല. ആയതു ലഭ്യമാക്കി ബാക്കി കുടിശ്ശിക കൂടി ഉടനെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ